**പതിനാലാംകേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4656**

**26/10/2016-ൽ മറുപടിയ്ക്ക്.**

**മിൽക്ക് ഷെഡ് ഡവലപ്പ്മെന്റ് പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി ) |
| (എ) സംസ്ഥാനത്ത് മിൽക്ക് ഷെഡ് ഡവലപ്മെന്റ് പദ്ധതി (എം.എസ്.ഡി.പി) നടപ്പിലാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; ഈ പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് ക്ഷീരകർഷകർക്ക് ലഭിക്കുന്നത്; | (എ) സംസ്ഥാനത്ത് മിൽക്ക് ഷെഡ് ഡവലപ്പ് മെന്റ് പദ്ധതി (MSDP) നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ഗോദാനം (1 പശു യൂണിറ്റ്) , 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ്, 5 ഹീഫർ യൂണിറ്റ്, 10 ഹീഫർ യൂണിറ്റ് എന്നീ ഡെയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിവരുന്നു. കൂടാതെ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും, കറവയന്ത്രം വാങ്ങുന്നതിനും, ആവശ്യാധിഷ്ഠിത ധനസഹായവും നൽകുന്നു. |
| (ബി) ഈ പദ്ധതി പ്രകാരം ലോൺ അനുവദിക്കുന്നതിന് ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു എന്നും പലിശ നിരക്ക് എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) MSDP പദ്ധതി പ്രകാരം ഗുണഭോക്താവ് നേരിട്ടാണ് ബാങ്ക് വായ്പ എടുക്കുന്നത്. ആയതിനാൽ പലിശ നിരക്കും ധനകാര്യ സ്ഥാപനങ്ങൾ സംബന്ധിച്ച വിവരവും ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ.